**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1815** **09-12-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിലെ അപാകത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം കൃത്യമായി നടക്കാത്തത് മൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് നെല്ല് സംഭരണം കൃത്യമായി നടക്കാത്ത സാഹചര്യം നിലവിൽ ഇല്ല. കേരളത്തിൽ പ്രവർത്തിക്കുന്ന 58 മില്ലുകളുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് നെല്ല് സംഭരണം സപ്ലൈകോ കാര്യക്ഷമമായും സമയബന്ധിതമായും നടത്തി വരുന്നു. 2022-23 സീസണിൽ 05.12.2022 വരെ ആകെ 36636 കർഷകരിൽ നിന്നായി 107047.64 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 2023 ജൂൺ മാസം വരെ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതാണ്. |
| (ബി) | കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിലെ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നൽകാത്തത് ഉല്പാദകരെ ദുരിതത്തിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ; | (ബി) | സംഭരിച്ച നെല്ലിന്റെ തുക കിലോ ഗ്രാമിന് 28.20 രൂപ നിരക്കിൽ കർഷകരുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിവരുന്നു. 19287 കർഷകർക്കായി 165.21 കോടി രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നെല്ല് സംഭരണത്തിന് മില്ലുകൾ മുന്നോട്ട് വരാത്തത് മൂലമുള്ള പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | സംഭരണത്തിനായി മില്ലുകൾ വരാത്ത സാഹചര്യം നിലവിലില്ല. 2022-23 സീസണിൽ 58 മില്ലുകൾ സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ഡി) | മില്ലുകൾക്ക് നൽകാനുള്ള തുക സർക്കാർ ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത തുകയിൽ കൈകാര്യ ചെലവ് ഉൾപ്പെട്ടിട്ടുണ്ടോ; | (ഡി) | കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് അരിയാക്കി സപ്ലൈകോയ്ക്ക് തിരികെ തരുന്നതിന് സംഭരണ-സംസ്കരണ, മറ്റ് കൂലി, കൈകാര്യ ചെലവ് എന്നീ ഇനങ്ങളിൽ ക്വിന്റലിന് 202 രൂപ മില്ലുകൾക്ക് നൽകുന്നുണ്ട്. 2021-22 സീസണിൽ കൂലി ഇനത്തിൽ 56 മില്ലുകൾക്ക് 05.12.2022 വരെ 53.32 കോടി രൂപ മില്ലുകൾക്കായി നൽകിയിട്ടുണ്ട്. |
| (ഇ) | മില്ലുകൾക്ക് ലഭിച്ച തുകയുടെ ജി. എസ്. ടി കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; ശേഖരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ അനുപാതം ഏത് രീതിയിലാണ് തുടരുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | GST സംബന്ധിച്ച കാര്യങ്ങളിൽ സർക്കാർ GST വകുപ്പുമായി കത്തിടപാടുകളും ചർച്ചകളും നടത്തിവരുന്നു. GST വകുപ്പിന്റെ 17.06.2021 തീയതിയിലുള്ള 153/09/2021-GST നമ്പർ സർക്കുലർ പ്രകാരം, 2022 ജൂലൈ മുതൽ |

| | | | |
|---|---|---|---|
| | | | മില്ലുടമകൾക്ക് നൽകുന്ന തുകയിൽ നിന്ന് GST ഈടാക്കുന്നില്ല.<br><br>കേരള ഹൈക്കോടതിയുടെ WP(C)No.26941/2021 നമ്പർ വിധി പ്രകാരം ഔട്ട്ടേൺ റേഷ്യോ 64.5 ശതമാനമാക്കി നിശ്ചയിച്ച 18.08.2018 തീയതിയിലെ സ.ഉ(.കൈ)നം.34/2018/ ഭ.പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും ഔട്ട്ടേൺ റേഷ്യോ 68% ആയി പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിധിയ്ക്കെതിരെ റിവ്യൂ പെറ്റീഷൻ (RP No.884 & 988 of 2022 against Judgement dt.08/06/2022) ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ